## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6350

08.07.2014 - ൽ
മറുപടിയ്ക്ക്

## വനിതാ പോലീസ് സേന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ ശിവദാസൻ നായർ<br>ശ്രീ. പി. സി വിഷ്ണുനാഥ്<br>ശ്രീ. പി. എ മാധവൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | 120 വനിതാ സി.പി.ഒ മാരുടെയും 60 വനിതാ എസ്.ഐ മാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, വനിതകൾക്കെതിരെയുള്ള പരാതികളിന്മേൽ കാര്യക്ഷമമായ നടപടികൾ അതിവേഗം സ്വീകരിക്കുവാനുള്ള പരിശീലനങ്ങൾ നിലവിലുള്ള വനിതാ പോലീസുകാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി സേനയിലെ വനിതാ പ്രാതിനിധ്യം നിശ്ചിത ശതമാനമാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 10 ശതമാനമായി ഉയർത്തണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. |
| (സി) വനിതാ പ്രാതിനിധ്യം ഏർപ്പെടുത്തുമ്പോൾ എന്തൊക്കെ തസ്തികകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (സി) യും (ഡി) യും | ഇതിനായി 120 വനിതാ സിവിൽ പോലീസ് ഓഫീസർമാരെയും 60 വനിതാ സബ് ഇൻസ്പെക്ടർമാരെയും നിയമിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ